നം.കെഎസ്എ.കെടിഎം.പി-11/1820/2018 തീയതി :22.10.2018

# കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 28.9.2018-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടേയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയൊ ലഭ്യമാക്കാത്ത വിവരത്തിന്റെയൊ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.9.2018 മുതൽ 28.9.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ സജി പി.ആർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിതഎം. എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കൃഷ്ണപ്രിയ എസ് | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി. ജോളി ഡൊമിനിക്<br>ശ്രീ റ്റി. എം. ഹനീഫ (വൈസ് പ്രസിഡന്റ് ചാർജ്)<br>ശ്രീമതി. ജയ ജേക്കബ് | 01.04.2017 മുതൽ 06.12.17 വരെ<br>07.12.17 മുതൽ 02.01.18 വരെ<br>03.01.18 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ. റ്റി. എം. ഹനീഫ | 01.04.17 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ | ശ്രീമതി ഫിലോമിന റെജി | 01.04.17 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | | |
| ചെയർപേഴ്സൺ<br>(ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ ജോസഫ് ഡോമിനിക് | 01.04.17 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ആരോഗ്യ-<br>വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി ഷേർളി തോമസ്. | 01.04.17 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ഷൈജു വർഗ്ഗീസ് | 01.04.17 മുതൽ 31.03.2018 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ഷുക്കൂർ മുഹമ്മദ് എം.എ. | 01.04.17 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി യമുന ജോസ് | 01.04.17 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ശ്രീ ഷൈബി തോമസ് | 01.04.17 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ –പി.എച്ച്.സി. | ഡോ. അരുൺ സി ദാസ് | 01.04.17 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ –<br>ഹോമിയോ | ഡോ. അരുൺ രാജ് | 01.04.17 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ -<br>ആയുർവേദം | ഡോ. ബെൻഷാ ബഷീർ | 01.04.17 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ<br>ഓഫീസർ | ശ്രീ അരുൺ പി സുരേന്ദ്രൻ | 01.04.17 മുതൽ 31.03.2018 വരെ |
| | ശ്രീമതി ആൻസി ജോസഫ് | 01.04.17 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ശ്രീമതി ബിന്ദു എം. ആർ | 01.04.17 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി മരിയ ഗൊരോത്തി | 01.04.17 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ<br>എൽ.എസ്.ജി.ഡി | ശ്രീമതി അന്നമ്മ ജോൺ | 01.04.17 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ റൊണാൾഡ് വിൽസൺ | 01.04.17 മുതൽ 31.03.2018 വരെ |

(ഡി) ഉള്ളടക്കം

| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |

| | |
|---|---|
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് |
| 2-2 | നികുതി നിർണ്ണയം നടത്തിയിൽ കുറവ് |
| 2-3 | ക്രമവൽക്കരണം--ഫീസ് ഈടാക്കുന്നതിൽ കുറവ് |
| 2-4 | പഞ്ചായത്തിലെ എല്ലാ ആഡിറ്റോറിയങ്ങളും വസ്തു നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ല |
| 2-5 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിൽ കുറവ് |
| 2-6 | സ്വകാര്യാശുപത്രി ഡി & ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| 2-7 | ടെണ്ടർ ഫാറവില പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല |
| 2-8 | പഞ്ചായത്ത് ദുരിതാശ്വാസ നിധി--പ്രവർത്തനം ഫലപ്രദമല്ല |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് പ്രോജക്ട് നിർവ്വഹണം നടത്തേണ്ടതിനു പകരം ആവശ്യാധിഷ്ഠിതമല്ലാതെ സി.ഡി.എസ്. ന് വികസനഫണ്ട് കൈമാറി |
| 3-2 | ആശ്രയ പദ്ധതി--വികസനഫണ്ട് വിഹിതം നിഷ്ക്രിയമായി അവശേഷിക്കുന്നു |
| 3-3 | ലാപ്ടോപ്പ് വിതരണം പൂർത്തീകരിച്ചില്ല--ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-4 | സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനും ഷീ പാഡ് ഡിസ്ട്രോയറും സ്ഥാപിക്കൽ--പ്രോജക്ട് നിർവ്വഹണത്തിൽ അപാകത |

| | |
|---|---|
| 3-5 | പാർട്ട് ബില്ലുകളിൽ നിന്ന് ഈടാക്കുന്ന റീടെൻഷൻ തുക പിൻവലിച്ച് തനത്ഫണ്ടിൽ നിക്ഷേപിക്കുന്നില്ല |
| 3-6 | വികസനഫണ്ട് പിൻവലിച്ച് തനത്ഫണ്ടിൽ ബാധ്യതകണക്കിൽ സൂക്ഷിക്കുന്നു |
| 3-7 | പകർച്ചവ്യാധി നിയന്ത്രണം 50590/- രൂപയുടെ ചെലവ് വിവരം ലഭ്യമല്ല |
| 3-8 | മരാമത്ത് പ്രവൃത്തിയിൽ--നടപടിക്രമം പാലിക്കുന്നില്ല |
| 3-9 | കരാർ പ്രവൃത്തികളുടെ പൂർത്തീകരണം--കേരള പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടിക്രമം പാലിക്കുന്നില്ല |
| 3-10 | ബിറ്റുമിൻ ഉപയോഗിക്കുന്ന റോഡ് പ്രവൃത്തികൾ--ബാരൽ വില ഈടാക്കിയില്ല |
| 3-11 | പൊതുനിരീക്ഷണങ്ങൾ |
| 3-12 | വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ--നിക്ഷേപിച്ച തുകകൾക്കുള്ള മരുന്ന് ലഭിച്ചില്ല--41528/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-13 | പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കൽ--തുടർ പ്രവർത്തനങ്ങൾ നടന്നിട്ടില്ല |
| 3-14 | ഉറവിട മാലിന്യം സംസ്കരിക്കൽ--ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത 13,325/- രൂപ വി.ഇ.ഒ.യുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| 3-15 | ഭവന പുനരുദ്ധാരണം (എസ്.സി.പി.)--പൂർത്തീകരിക്കാനവശേഷിക്കുന്നു |
| 3-16 | ഭവന പുനരുദ്ധാരണം (ടി.എസ്.പി.)--ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 3-17 | ഭവനപുനരുദ്ധാരണം--അർഹമായ പരമാവധി ധനസഹായം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല |
| 3-18 | സി.സി.റ്റി.വി. സ്ഥാപിക്കൽ--പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചില്ല 2,99,970/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-19 | കരാർ പ്രവൃത്തിയുടെ ബില്ലിൽ നിന്നും നികുതിവിഹിതങ്ങൾ കുറവ് ചെയ്തിട്ടില്ല |
| 3-20 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല--ചെലവ് തടസ്സപ്പെടുത്തുന്നു |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |

| | |
|---|---|
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 24.03.2017 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 1601149 | 11448258 | 9847109 | |
| വരവ് | 138071250 | 94128798 | | 43942452 |
| ആകെ | 139672399 | 105577056 | | 34095343 |
| ചെലവ് | 138103860 | 94974497 | | 43129363 |
| നീക്കിയിരിപ്പ് | 1568539 | 10602559 | 9034020 | |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും യഥാർഥ കണക്കുകളും തമ്മിൽ വളരെയേറെ വ്യതിയാനം ഉള്ളതായി മേൽ പട്ടികയിലെ വിശകലനത്തിൽ ബോധ്യമാകുന്നു. പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ യഥാർഥ തുകകളുമായി ഇത്രയധികം അന്തരം വന്നതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കാതെയും ആവശ്യമായ മുന്നൊരുക്കം നടത്താതെയാണ് ബജറ്റ് തയ്യാക്കുന്നത് എന്നത് വ്യക്തമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബജറ്റ് തയ്യാറാക്കുന്നതിൽ മേൽപറഞ്ഞ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 14.5.18ലെ A1/476/18/നം. കത്ത് പ്രകാരം 25.5.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 22.06.2018, .23.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും29.06.18 ലെ കെ.എസ്.എ.-കെ.ടി.എം.പി7. 1205/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ നൽകിയിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

2017-18 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 11448258 |
| വരവ് | 94128798 |
| ആകെ | 105577056 |
| ചെലവ് | 94974497 |
| നീക്കിയിരിപ്പ് | 10602559 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18861000 | 18861000 | 15405922 | 3455078 | 81.68 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3328966 | 3328966 | 2399890 | 929076 | 72 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1573361 | 1573361 | 1077054 | 496307 | 68.96 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 19589748 | 19589748 | 19513800 | 75948 | 99.61 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4351180 | 4351180 | 3281884 | 1069296 | 75.43 |
| 13-ാം ധനകാര്യ | 0 | 10866878 | 10866878 | 10858550 | 8328 | 99.92 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | | |
| പെർഫോമൻസ് ഗ്രാന്റ്(KLGSDP) | 0 | 3167658 | 3167658 | 2363622 | 804036 | 74.61 |
| ജനറൽ പർപ്പസ് ഫണ്ട് | 4789232 | 11177000 | 15966232 | 14973575 | 992657 | |
| സാക്ഷരത ഫണ്ട് | 44016 | 69201 | 113217 | 67440 | 45777 | |
| ദുരിതാശ്വാസ നിധി | 2935 | 117 | 3052 | 0 | 3052 | |
| MNREGS | 27250 | 13079283 | 13106533 | 13106103 | 430 | 99.99 |
| സംയുക്ത പ്രോജക്ട്(TSB) | 0 | 4190000 | 4190000 | 3946000 | 244000 | |
| ബി-ഫണ്ട് | 0 | 43218400 | 43218400 | 43218400 | 0 | |
| തനത് ഫണ്ട് | 5405779 | 19530286 | 24936065 | 18501817 | 6434248 | |
| ക്യാഷ് (തനത് ഫണ്ട്) | 153117 | 10634 | 163751 | 153117 | 10634 | |

## 1-6 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണം

വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 27.04.2017 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 02.07.2017 മുതൽ 05.07.2017 വരെയുള്ള തീയതികളിലും വികസനസെമിനാർ 08.05.2017ലും കൂടിയിട്ടുണ്ട്.

2017-18 വർഷത്തെ പദ്ധതി തയ്യാറാക്കുന്നതിന് എല്ലാ വർക്കിങ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും സ്റ്റാറ്റസ് റിപ്പോർട്ട് ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി യോഗങ്ങളുടെ മിനിറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൽ പല വർക്കിം ഗ്രൂപ്പുകളും പദ്ധതി തയ്യാറാക്കുന്നതിൽ നിയമപരമായ ചുമതല പൂർണ്ണമായും പാലിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടു. പല മിനിറ്റ്സ് ബുക്കുകളിലും തീരുമാനങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നിർദ്ദേശങ്ങൾ ആസൂത്രണ ഗ്രാമസഭ യോഗങ്ങളിൽ അവതരിപ്പിച്ചിട്ടുണ്ട്. വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.

2017-18 വാർഷിക പദ്ധതിക്ക് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ 24.02.18 ലെ 490/17/DPC/DPO/Ktm നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 389 | 293 | 16 | 80 | 75 |

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയവ | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക | പ്രോജക്ടുകൾക്കായുള്ള ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 3021110 | 1083655 | 35.86 |
| വെറ്ററിനറി സർജൻ | 10 | 7 | 5847489 | 3765000 | 64.38 |
| മെഡി. ഓഫീസർ, പി.എച്ച്.സി | 2 | 2 | 1163000 | 1163000 | 100 |
| മെഡി. ഓഫീസർ, ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| മെഡി. ഓഫീസർ, ആയുർവ്വേദം | 2 | 2 | 450000 | 445336 | 9896 |
| വി.ഇ.ഒ. | 13 | 11 | 8186100 | 5558261 | 67.89 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 13 | 11 | 6701371 | 6227502 | 92.92 |
| സെക്രട്ടറി | 34 | 22 | 15406989 | 8199329 | 53.21 |
| അസിസ്റ്റന്റ് എൻജിനീയർ | 280 | 193 | 60233399 | 35503809 | 5894 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 150000 | 150000 | 100 |
| ഹെഡ് മാസ്റ്റർ,ഗവ.യു.പി.സ്കൂൾ | 6 | 5 | 1446374 | 1390799 | 96.15 |
| അസിസ്റ്റന്റ് സെക്രട്ടറി | 23 | 18 | 5834350 | 3772625 | 64.66 |

പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തുന്നില്ല.

ജി.ഒ.(എം.എസ്.)72/17 തസ്വഭവ തീയതി 29.03.17 ഖ.14.6 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതുമാണ്.

പ്രോജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു പൂർത്തീകരണ പത്രം തയ്യാറാക്കണം. പ്രോജക്ടിന്റെ ഭൗതീക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തണം. എന്നാൽ ഇപ്രകാരമുള്ള പൂർത്തീകരണ പത്രമോ മോണിറ്ററിംഗ് റിപ്പോർട്ടോ പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി മേൽ വിഷയം പരിഗണിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 27250 | 13079283 | 13106553 | 13106103 | 450 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 15000 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 3032300 | 978 |

| | | |
|---|---|---|
| വിധവാപെൻഷൻ | 8585500 | 2723 |
| വാർദ്ധക്യകാലപെൻഷൻ | 27666600 | 7509 |
| വികലാംഗപെൻഷൻ | 3568500 | 1111 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 308000 | 75 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 30000 | 1 |

## 1-9 ക്യാഷ് പരിശോധന

പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2018 തീയതിയിൽ 3:15 പി.എം.-ന് പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് കാഷ്യറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 4671/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യതയും, ചെക്ക് പ്രകാരമുള്ള 1,86,000/- രൂപയുടെ കൃത്യതയും ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

സ്ഥാപനത്തിന്റെ ധനകാര്യ ഇടപാടുകൾ നിലവിലുള്ള അക്കൗണ്ടിംഗ് നിയമങ്ങൾക്ക് വിധേയമായും ഭരണസമിതി തീരുമാനങ്ങൾക്ക് അനുസൃതമായും നടത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളെ പൊതുവെ ആഭ്യന്തരനിയന്ത്രണ സംവിധാനം എന്ന് വിവക്ഷിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ഭാഗം 1 അനുബന്ധം ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചോദ്യാവലി അടാസ്ഥാനമാക്കി പാറത്തോട് ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പരിശോധിച്ചു. ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം സാമാന്യം തൃപ്തികരമാണ്.

പൊതുവായ നിയന്ത്രണങ്ങൾ.

നിയതമായ ഓഫീസ് ഉത്തരവിലൂടെ ജീവനക്കാരുടെ ജോലികൾ നിർണ്ണയിച്ചിട്ടുണ്ട്. ബജറ്റിലൂടെ സ്ഥാപനത്തിന്റെ വരവ്-ചെലവുകളെ മോനിട്ടർ ചെയ്യുന്നു.

ധനകാര്യ രേഖകളും പത്രികകളും സ്ഥാപനത്തിന്റെ ഇടപാടുകളെയും പ്രവർത്തനത്തെയും പ്രതിഫലിപ്പിക്കുന്നുണ്ട്.

<u>കാഷ് ബാങ്ക് അക്കൗണ്ടുകളിൻമേലുള്ള നിയന്ത്രണങ്ങൾ</u>

എല്ലാ ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കളക്ഷൻ തുകകൾ കൃത്യ സമയത്ത് തന്നെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നുണ്ട്. ആയത് മേൽപരിശോധന നടത്തുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡി കൾ സമയബന്ധിതമായി ബാങ്കിൽ നിക്ഷേപിക്കുന്നുണ്ട്. പണം സ്വീകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം സുരക്ഷിതമല്ല. പണമിടപാടുകൾക്ക് മെഷീൻ പ്രിന്റ് ചെയ്ത രസീതുകൾ ഉപയോഗിക്കുന്നു. കമ്പ്യൂട്ടർ സ്റ്റേഷനറി സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.07.18 | 6/18 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.11.17 മുതൽ 10.11.17 വരെ | 2012-13 മുതൽ 2016-17 വരെ | ലഭിച്ചിട്ടില്ല |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

പാറത്തോട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം &എക്സ്പെൻഡിച്ചർ പത്രിക പ്രകാരം തൻവർഷ പ്രവർത്തന മിച്ചം 830027/- രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 133127776/- രൂപയും ചെലവ് 132421735/- രൂപയുമാണ്. റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെവരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 105577056 /- രൂപയും ആകെ ചെലവ് (നീക്കിയിരിപ്പ് ഒഴികെ) 94974497/- രൂപയുമാണ്. 31.03 .2018 ലെ ക്യാഷ്/ബാങ്ക് നീക്കിയിരിപ്പ് 10602559/- രൂപയാണ്. 31.03.2018 ലെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തി മൂല്യം 111786292.50/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 11268626.45/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമ പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 100517666.05/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽ വിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. ഭൂമി ഉൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം കൃത്യമായി നിർണ്ണയിച്ച് വാർഷിക കണക്കിലെ B-11 ഷെഡ്യൂളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. പഞ്ചായത്ത് നല്കിയിട്ടുള്ളതും മൂന്ന്മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ" എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

3. തൻ വർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻ വർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4. പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ഫൈനൽ ബില് നൽകുന്ന മുറക്ക് ആസ്തികളിൽ വരവ് വച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തു നികുതി കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി ഈടാക്കിയതിൽ കുറവ്

പാറത്തോട്, പന്തലാനിക്കൽ ശ്രീ. രഞ്ജിത്തിന്റെ ഉടമസ്ഥതയിലുള്ള പാർപ്പിടാവശ്യത്തിനുപയോഗിക്കുന്ന 4/471G നം കെട്ടിടം നികുതി നിർണ്ണയം നടത്തിയതിൽ, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പ്രകാരമുള്ള വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|

| | | |
|---|---|---|
| വിസ്തീർണ്ണം | 179.04x6=1074.24 | 179.04x6 =1074.24 |
| വർദ്ധനവ് | - | 20%- 214.8 |
| ആകെ | 1074.24 +54 (LC) | 1289.08+64 (LC) |

ടി കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയം നടത്തി കുറവ് വന്ന നികുതി ഈടാക്കേണ്ടതാണ്

## 2-2 നികുതി നിർണ്ണയം നടത്തിയതിൽ കുറവ്

സെന്റ് മേരീസ് ചർച്ച്, പൊടിമറ്റം വികാരിയുടെ ഉടമസ്ഥതയിലുള്ള ഓഡിറ്റോറിയം (XVIII/ 175A1,5R1) 2017-18 വർഷം നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ടി കെട്ടിടത്തിന്റെ കംപ്ളീഷൻ പ്ളാൻ പ്രകാരം Assembly area 3251.90 ച.മീ ഉം commercial area 436.7 ച.മീ ഉം ആണ്. എന്നാൽ വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് Assembly area 3253 ച.മീറ്ററും commercial area 353.85 ച.മീറ്ററും ആണ്. commercial area യുടെ 82.85 ച.മീറ്റർ നികുതിനിർണ്ണയം നടത്തിയിട്ടില്ല. ഇത് കൂടി കണക്കാക്കി നികുതിനിർണ്ണയം നടത്തി നിയമാനുസൃത നികുതി ഈടാക്കേണ്ടതാണ്.

## 2-3 ക്രമവല്കരണം - ഫീസ് ഇടാക്കുന്നതിൽ കുറവ്

തദ്ദേശ സ്വയം ഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവല്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ സങ്കേതം സോഫ്റ്റ് വെയർ പ്രകാരം ക്രമവല്കരണ കേസുകളിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ജനറേറ്റ് ചെയ്ത് വരുന്നതും കക്ഷികളിൽ നിന്നും ഈടാക്കുന്നതും. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, വിലാസം | ഉപയോഗക്രമം | പ്ലിന്ത് ഏരിയ | ക്രമവല്കരണത്തിന് ഈടാക്കിയ ഫീസ് | ക്രമവല്കരണത്തിന് ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|
| കെ.പി.ദേവസ്യ കോടകപ്പറമ്പിൽ കുവപ്പള്ളി | പാർപ്പിടാവശ്യം | 217 | 217x6=1302 | 217x9=1953 | 651 |
| ജോബി ജോസ് ഉളുപ്പശ്ശേരിൽ പാറത്തോട് | പാർപ്പിടാവശ്യം | 245 | 245x6=1470 | 245x9=2205 | 735 |
| ഉമാ.കെ.നടക്കൽ മാനേജിംഗ് പാർട്ണർ | വാണിജ്യാവശ്യം | 309 | 309x10=3090 | 309x15=4635 | 1545 |
| റിവാസ്.പി.എസ് പുളുപ്പറമ്പിൽ | പാർപ്പിടാവശ്യം | 281.83 | 281.83x6=1691 | 281.83x9=2536 | 845 |
| സ്ഞ്ജയ്.ബി.നായർ പാറേക്കാട്ടിൽ | വാണിജ്യാവശ്യം | 119.5 | 119.5x10=1195 | 119.5x15=1793 | 598 |

പഞ്ചായത്തിന് ഫീസിനത്തിൽ ലഭിക്കേണ്ട തുകയിൽ സോഫ്റ്റ്‌വെയർ അപാകം മൂലം കുറവുണ്ടാകുന്നത് സാങ്കേതിക വിഭാഗവുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതും, സോഫ്റ്റ്‌വെയർ നിലവിൽ വന്ന ശേഷം ക്രമവല്കരണ കേസുകളിൽ ഈടാക്കിയ ഫീസ് പുന:പരിശോധിച്ച് കുറവു വന്ന തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

## 2-4 പഞ്ചായത്തിലെ എല്ലാ ആഡിറ്റോറിയങ്ങളും വസ്തു നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ല

സഞ്ചയ റവന്യൂ മോഡ്യൂൾ പരിശോധിച്ചതിൽ അസംബ്ളി ഹാൾ, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം എന്നീ ഇനത്തിൽ 11 കെട്ടിടങ്ങൾ മാത്രം പഞ്ചായത്തിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ളതായി കണ്ടു. പല ഹാളുകളും വാടക ഈടാക്കിക്കൊണ്ട് പ്രവർത്തനം നടത്തുന്നുണ്ടെങ്കിലും ആയവ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ളതായി ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണത്തിന് എസ്.ഡി. കോളേജ് ഓഡിറ്റോറിയം, കാഞ്ഞിരപ്പള്ളി, വിവാഹ ആവശ്യങ്ങൾക്കായി വാടക ഈടാക്കിക്കൊണ്ട് പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ നാളിതു വരെ ടി കെട്ടിടത്തിന്റെ വസ്തു നികുതി അസസ് ചെയ്തതായി കാണുന്നില്ല. ടി കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയം നടത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ സമാന രീതിയിൽ പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തി നികുതി നിർണ്ണയിച്ച് ഈടാക്കി പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2017-18 സാമ്പത്തിക വർഷം പാറത്തോട് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ 2550/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | സ്ഥാപനം | പേര് | അർദ്ധ വർഷം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | അൽഫിൻ പബ്ലിക് സ്കൂൾ | ഷേർളി പി വി പ്രൈമറി ടീച്ചർ | 1 | 60000 | 600 | 450 | 150 |
| 2 | അൽഫിൻ പബ്ലിക് സ്കൂൾ | റസിയമോൾ ടി എം സെക്കന്ററി ടീച്ചർ | 1 | 60000 | 600 | 450 | 150 |
| 3 | അൽഫിൻ പബ്ലിക് സ്കൂൾ | സൗമ്യ സെബാസ്റ്റ്യൻ സെക്കന്ററി ടീച്ചർ | 1 | 60000 | 600 | 450 | 150 |
| 4 | അൽഫിൻ പബ്ലിക് സ്കൂൾ | ആരതി കെ കെ സെക്കന്ററി ടീച്ചർ | 1 | 60000 | 600 | 450 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ഗവ. ഹോമിയോ ഡിസ്പെൻസറി, പാറത്തോട് | അരുൺ രാജ് കെ<br>മെഡിക്കൽ ഓഫീസർ | 1 | 283860 | 1250 | 1000 | 250 |
| 6 | മേരി ക്വീൻസ് മിഷൻ ഹോസ്പിറ്റൽ | സി. കരുണ ഫാർമസിസ്ററ് | 1 | 102444 | 1000 | 750 | 250 |
| 7 | എസ് എം ആർ പ്ലാന്റേഷൻ | ജിബിച്ചൻ | 1 | 75075 | 750 | 600 | 150 |
| 8 | സെന്റ്. ആന്റണീസ് പബ്ലിക് സ്കൂൾ | ജോണി വർഗീസ്<br>പ്യൂൺ | 2 | 60000 | 600 | 450 | 150 |
| 9 | സെന്റ്. ആന്റണീസ് പബ്ലിക് സ്കൂൾ | രാജേഷ് ആർ പ്യൂൺ | 2 | 60000 | 600 | 450 | 150 |
| 10 | മേരി ക്വീൻസ് മിഷൻ ഹോസ്പിറ്റൽ | റോയ് തോമസ് മെയിൻ സൂപ്പർ വൈസർ | 2 | 129576 | 1250 | 1000 | 250 |
| 11 | അൽഫിൻ പബ്ലിക് സ്കൂൾ | ഷേർളി പി വി പ്രൈമറി ടീച്ചർ | 2 | 60000 | 600 | 450 | 150 |
| 12 | അൽഫിൻ പബ്ലിക് സ്കൂൾ | റസിയമോൾ ടി എം<br>സെക്കന്ററി ടീച്ചർ | 2 | 60000 | 600 | 450 | 150 |
| 13 | അൽഫിൻ പബ്ലിക് സ്കൂൾ | സൗമ്യ സെബാസ്റ്റ്യൻ<br>സെക്കന്ററി ടീച്ചർ | 2 | 60000 | 600 | 450 | 150 |
| 14 | അൽഫിൻ പബ്ലിക് സ്കൂൾ | ആരതി കെ കെ<br>സെക്കന്ററി ടീച്ചർ | 2 | 60000 | 600 | 450 | 150 |
| 15 | അൽഫിൻ പബ്ലിക് സ്കൂൾ | ആന്റണി കെ ഐ ഹോസ്റ്റൽ | 2 | 60000 | 600 | 450 | 150 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | വാർഡൻ | | | | | | |
| | ആകെ | | | | | | | 2550 |

നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (15/25.09.2018) മറുപടിയിൽ നികുതി ഈടാക്കിയതിൽ സംഭവിച്ച കുറവ് അതാത് വ്യക്തികളിൽ നിന്ന് ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കിയതിലുള്ള കുറവ് പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 2-6 സ്വകാര്യാശുപത്രി ഡി&ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്തിരാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം -3ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 142, 143 എന്നിവ പ്രകാരം സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ആശുപത്രിയായ മേരി ക്വീൻസ് മിഷൻ ആശുപത്രി, പാലപ്ര ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (18/26.09.2018) മറുപടിയിൽ പ്രസ്തുത സ്ഥാപനത്തിന് ലൈസൻസ് നല്കിയിട്ടുള്ളതായി പറയുന്നുണ്ടെങ്കിലും ലൈസൻസ് ഫീ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. മേൽ സ്ഥാപനത്തെ ഡി&ഒ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-7 ടെണ്ടർ ഫാറവില പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

2016-17 മുതൽ 5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കി വരുന്നത് ഇ-ടെണ്ടറുകളിൽ ടെണ്ടർഫാറവില, ഇ.എം.ഡി തുടങ്ങിയവ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ആണ് നിലവിൽ നിക്ഷേപിക്കുന്നത്. പ്രവൃത്തി നിർവ്വഹണം നടത്തുന്ന സ്ഥാപനത്തിന് അവകാശപ്പെട്ട പ്രസ്തുത തുക പഞ്ചായത്തിൽ നിന്നു ആവശ്യപ്പെടുമ്പോൾ മാത്രമാണ് പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റി നല്കുന്നത്. എന്നാൽ കഴിഞ്ഞ വർഷങ്ങളിലൊന്നും തന്നെ ഈ തുക പഞ്ചായത്ത് കണക്കാക്കുകയോ ആവശ്യപ്പെടുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം നല്കുന്നതോടൊപ്പം നാളിതുവരെ ഇത്തരത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക കണക്കാക്കി അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11) തുക പഞ്ചായത്തിലേക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്.
ഇത്തരത്തിൽ മുൻകാലങ്ങളിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം ഇ-ടെണ്ടർ നടപ്പാക്കുമ്പോൾ പഞ്ചായത്തിന് ലഭിക്കാനുള്ള ഫാറവില, ഇ.എം.ഡി തുടങ്ങിയവ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 2-8 പഞ്ചായത്ത് ദുരിതാശ്വാസ നിധി പ്രവർത്തനം ഫലപ്രദമല്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166, 177, 254 വകുപ്പുകൾ പ്രകാരവും 2003-ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും ചട്ടങ്ങളും പ്രകാരവും ഉള്ള ദുരിതാശ്വാസ നിധി പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഇതിനായുള്ള പാറത്തോട് സർവീസ് സഹകരണ ബാങ്ക് 0420100002483 നമ്പർ അക്കൗണ്ടിൽ 31.03.2018 ൽ 3052/-രൂപ നീക്കിയിരിപ്പുണ്ട്. തൻവർഷം ദുരിതാശ്വാസ നിധിയിലേക്ക് തുക സ്വരൂപിക്കുകയോ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല. ദുരിതാശ്വാസ നിധിയിലേക്ക് ഫണ്ട് സ്വരൂപിക്കുന്നതിനും തുക ഉപകാരപ്രദമായി ചെലവഴിക്കുന്നതിനും ആവശ്യമായ നടപടികൾക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് പ്രോജക്ട് നിർവ്വഹണം നടത്തേണ്ടതിനു പകരം ആവശ്യാധിഷ്ഠിതമല്ലാതെ സി.ഡി.എസ്. ന് വികസന ഫണ്ട് കൈമാറി

| | |
|---|---|
| പ്രോജക്ട് നം | 361/18 |
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീ സ്വയം സംരംഭം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 1059750 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 1059750 |
| ബിൽ നം | 6/26.7.17 |

കുടുംബശ്രീകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി തയ്യാറാക്കിയ പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിനായി 1059750 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് 28.7.17 ൽ സി.ഡി.എസ്.ന്റെ അക്കൗണ്ടിലേക്ക് (IOB ബാങ്ക്, കാഞ്ഞിരപ്പള്ളി) നല്കിയിട്ടുണ്ട്. കുടുംബശ്രീകൾ സ്വയം സംരംഭക യൂണിറ്റുകൾക്കായി 50000 രൂപ ബാങ്കിൽ നിന്നും വായ്പയെടുക്കുകയും ടി വായ്പയുള്ള സബ്സിഡിയായി 25000 രൂപ ബാങ്കിലേക്ക് നല്കുകയുമാണ് ടി പ്രോജക്ട് മുഖേന വിഭാവനം ചെയ്തിരുന്നത്. ഇപ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾക്കായി തയ്യാറായി വന്ന 10 കുടുംബശ്രീ യൂണിറ്റുകൾക്ക് സി.ഡി.എസ്. തുക നല്കുകയും 250000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 809750 രൂപ നിലവിൽ സി.ഡി.എസ്.ന്റെ അക്കൗണ്ടിൽ അവശേഷിക്കുന്നു.

കുടുംബശ്രീ സ്വയം സംരംഭക യൂണിറ്റുകൾ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി രേഖകൾ ഹാജരാക്കുന്നതിനു മുൻപു തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ അടങ്കൽ തുക മുഴുവനായി സി.ഡി.എസ്.ന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതായും സി.ഡി.എസ്.പിന്നീട് കുടുംബശ്രീ സംരംഭക യൂണിറ്റുകൾ തയ്യാറായി വരുന്ന മുറയ്ക്ക് പണം നല്കുന്നതായും കാണുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ ഫണ്ട് പിൻവലിച്ച് കുടുബശ്രീ സംരംഭക യൂണിറ്റുകൾക്ക് നേരിട്ട് നല്കി പ്രോജക്ട് നിർവ്വഹണം നടത്തേണ്ടതിനു പകരം ഫണ്ട് പിൻവലിച്ച് മുൻകൂറായി സി.ഡി.എസ്.ന്റെ അക്കൗണ്ടിലേക്ക് നല്കുകയും സി.ഡി.എസ്. പിന്നീട് പ്രോജക്ട് നിർവ്വഹണം നടത്തുകയും ചെയ്യുന്ന രീതി ക്രമപ്രകാരമല്ല. ആയതിനാൽ ആവശ്യാനുസരണമല്ലാതെ വികസന ഫണ്ട് സി.ഡി.എസ്.ന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെടുകയും ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ നില നില്ക്കുന്ന സാഹചര്യം സംജാതമാവുകയും ചെയ്യുന്നു. ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ കാര്യക്ഷമമായി നടത്തേണ്ടതുണ്ട് എന്നതിനാലാണ് ഫണ്ട് നേരിട്ട് കുടുംബശ്രീയ്ക്ക് കൈമാറിയതെന്നും 7 കുടുംബശ്രീ സ്വയം സംരംഭക യൂണിറ്റുകൾ കൂടി നടപടികൾ പൂർത്തിയാക്കി ഫണ്ടിനായി സമീപിച്ചിട്ടുണ്ടെന്നും മറുപടി നല്കി.

ചെലവഴിക്കാതെ സി.ഡി.എസ്.ന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന 809750 രൂപയിൽ നിന്നും സംരംഭക യൂണിറ്റുകൾ തുടങ്ങാൻ തയ്യാറായി വന്ന 7 യൂണിറ്റുകൾക്ക് തുക നല്കേണ്ടതാണ് (7x25000). വികസന ഫണ്ട് വിഹിതമിനത്തിൽ ടി തുക കിഴിച്ചുള്ള 634750 (809750-175000) രൂപ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

### 3-2 ആശ്രയ പദ്ധതി- വികസന ഫണ്ട് വിഹിതം നിഷ്ക്രിയമായി അവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം | 42/18 |
| പ്രോജക്ടിന്റെ പേര് | ആശ്രയ സ്ഥലം വാങ്ങൽ |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 500000 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 500000 |
| ബിൽ നം | 9/18.9.17 |

പ്രസ്തുത പ്രോജക്ടിനായി 500000 രൂപ പിൻവലിച്ച് സി.ഡി.എസ്.ന്റെ അക്കൗണ്ടിലേക്ക് 28.9.17ൽ നല്കിയതായി കാണുന്നു. ടി തുക 21.12.17 ൽ ആശ്രയ അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടുണ്ട്. 2 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിനായാണ് തുക കൈമാറിയത്. പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 2017-18 വർഷത്തിൽ ആശ്രയ പദ്ധതി രണ്ടാം ഘട്ടം അവസാനിക്കുകയും 18-19 വർഷം മുതൽ അഗതി രഹിത കേരളം എന്ന പദ്ധതി നിലവിൽ വരികയും ചെയ്തതായി കാണുന്നു. 17-18 വർഷത്തിൽ ആശ്രയ പദ്ധതി പ്രകാരം സ്ഥലം വാങ്ങൽ ഒരു ഗുണഭോക്താവിനും ആവശ്യമല്ലായിരുന്നു. കൂടാതെ 2017-18 ൽ രണ്ടാം ഘട്ടം പൂർത്തിയായ സാഹചര്യത്തിൽ സ്ഥലം വാങ്ങുന്നതിനായി തുക ആവശ്യവുമില്ലായിരുന്നു. ഈ സാഹചര്യത്തിൽ ആശ്രയ പദ്ധതിയുടെ ആവശ്യകത കണക്കിലെടുക്കാതെ പ്രോജക്ട് രൂപീകരിക്കുകയും വികസന ഫണ്ട് പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ആശ്രയ പദ്ധതിയ്ക്കു വേണ്ടി നൽകുകയും ചെയ്തു. വികസന ഫണ്ട് തന്മൂലം നിഷ്ക്രിയമായി ആശ്രയ പദ്ധതിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്.

ആശ്രയ പദ്ധതി 1,2 ഘട്ടങ്ങളിലായി ലഭിച്ച തുകയിൽ 15.5.18 വരെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | വികസന ഫണ്ട് | ചലഞ്ച് ഫണ്ട് | |
|---|---|---|---|
| ആശ്രയ പദ്ധതി 1-ാം ഘട്ടം | - | 516225 | സി.ഡി.എസ്. ന്റെ അക്കൗണ്ടിൽ |
| ആശ്രയ പദ്ധതി 1,2 ഘട്ടങ്ങൾ | 750000 | 439712 | ആശ്രയ പദ്ധതിയുടെ അക്കൗണ്ടിൽ |
| ആകെ | | 17,05,937 | |

ടി തുകയുടെ പലിശയുൾപ്പെടെ 19,42,675/- രൂപ നിലവിൽ ആശ്രയ പദ്ധതി അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. എന്നാൽ യാതൊരു വിധ സേവനങ്ങളും നിലവിൽ ആശ്രയപദ്ധതി ഗുണഭോക്താക്കൾക്ക് നല്കുന്നില്ല. 2018-19 വർഷം മുതൽ അഗതി രഹിത കേരളം പദ്ധതി നിലവിൽ വന്ന സാഹചര്യത്തിൽ അവശേഷിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-3 ലാപ് ടോപ്പ് വിതരണം പൂർത്തീകരിച്ചില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | 417/18 |
| പ്രോജക്ടിന്റെ പേര് | ലാപ് ടോപ്പ് വിതരണം (എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 110000 (ബ്ളോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 110000 |
| വൗച്ചർ നം | 21701247/26.3.18<br>21701248/26.318 |

മേൽ പ്രോജക്റ്റിന്റെ നിർവ്വഹണത്തിനായി 5 Acer ലാപ് ടോപ്പുകൾ Net Bios Technology കാഞ്ഞിരപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വാങ്ങിയ 5 ലാപ്ടോപ്പുകളിൽ 4 എണ്ണം മാത്രമേ നാളിതുവരെ വിതരണം ചെയ്തിട്ടുള്ളൂ. പദ്ധതി പൂർത്തിയാക്കി 6 മാസം കഴിഞ്ഞിട്ടും വാങ്ങിയ എല്ലാ ലാപ്ടോപ്പുകളും വിതരണം ചെയ്തില്ല എന്നത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ടി അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഗുണഭോക്താക്കൾക്ക് മതിയായ യോഗ്യത ഇല്ലാത്തതുകാരണമാണ് വിതരണം ചെയ്യാൻ കഴിയാതിരുന്നതെന്നും വിതരണം ചെയ്യാനുള്ള ലാപ്ടോപ്പ് അർഹതപ്പെട്ട ഗുണഭോക്താവിന് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി നല്കി.

ലാപ് ടോപ്പുകൾ നല്കാൻ കാലതാമസം നേരിടുന്നത് വിദ്യാർത്ഥികളുടെ പഠനത്തിനുപകരിക്കുക എന്ന പ്രോജക്റ്റ് ലക്ഷ്യം നേടുവാൻ തടസ്സമാകുന്നു. വിതരണം ചെയ്യാൻ അവശേഷിക്കുന്ന ലാപ്ടോപ് അർഹമായ ഗുണഭോക്താവിന് നല്കി വിവരം അറിയിക്കുന്നത് വരെ ഒരു ലാപ്ടോപ്പിന്റെ വിലയായ 22000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

13-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രോജക്റ്റ് നടപ്പാക്കിയതിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി മാറേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇപ്രകാരം വാങ്ങിയ ലാപ്ടോപ്പുകൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നതിൽ നിന്നും വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്നു വ്യക്തമാകുന്നു. ഭരണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്റ്റുകൾ മോണിറ്റർ ചെയ്യുന്നതിൽ കൂടുതൽ കാര്യക്ഷമത പുലർത്തേണ്ടതാണ്.

## 3-4 സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനും ഷീ പാഡ് ഡിസ്ട്രോയറും സ്ഥാപിക്കൽ - പ്രോജക്റ്റ് നിർവഹണത്തിൽ അപാകത

| | |
|---|---|
| പ്രോജക്റ്റ് നം | 299/18 |
| പ്രോജക്റ്റിന്റെ പേര് | സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനും ഷീ പാഡ് ഡിസ്ട്രോയറും സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 2,17,100 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 2,17,100 |
| ബിൽ നം | 17/23.3.17 |

അസംപ്ഷൻ ഹൈസ്കൂൾ പാലമ്പ്ര, ഗ്രേസി മെമ്മോറിയൽ ഹൈസ്കൂൾ പാറത്തോട്, ജി.എച്ച്.എസ്.എസ് ഇടക്കുന്നം എന്നീ സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനും ഷീ പാഡ് ഡിസ്ട്രോയറും സ്ഥാപിക്കാനായി തയ്യാറാക്കിയ പ്രോജക്റ്റ് പ്രകാരം യോംഗ് എന്റർപ്രൈസസ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും 3 മെഷീനുകൾ വാങ്ങിയിട്ടുണ്ട്.

മെഷീന്റെ വില, അനുബന്ധ ഉപകരണങ്ങൾ ഇനത്തിൽ 1,12,255/-രൂപയും, ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ 27,000/- രൂപയും ട്രെയിനിംഗ് ചാർജ്ജിനത്തിൽ 9,057/- രൂപയും വാർഷിക അറ്റകുറ്റപ്പണി, ജി.എസ്.ടി, ഡെലിവറി ചാർജ്ജ് ഇനത്തിൽ 68,788/- രൂപയും ഉൾപ്പെടെ ആകെ 2,17,100/- രൂപ സ്ഥാപനത്തിന് നല്കിയിട്ടുമുണ്ട്. സ്കൂളുകളിൽ സ്ഥല പരിശോധന നടത്തിയതിൽ അസംപ്ഷൻ ഹൈസ്കൂൾ പാലമ്പ്രയിൽ മാത്രമേ പ്രസ്തുത മെഷീൻ പ്രവർത്തനക്ഷമമാക്കിയതായി കാണുന്നുള്ളൂ. ജി.എച്ച്.എസ്.എസ് ഇടക്കുന്നത്തിൽ വെൻഡിംഗ് മെഷീൻ മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ. ആയതു പ്രവർത്തനക്ഷമമാക്കിയിട്ടുമില്ല. ഗ്രേസി മെമ്മോറിയൽ ഹൈസ്കൂളിൽ മെഷീൻ നാളിതു വരെ സ്ഥാപിച്ചിട്ടില്ല. ഷീ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തിയാകുമ്പോൾ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന്

ഹെഡ്മിസ്ട്രസ് അറിയിച്ചിട്ടുണ്ട്.

സ്കൂളുകളിലെ ഉപയോഗത്തിനായി വാങ്ങിയ ഉപകരണങ്ങൾ ഇൻസ്റ്റലേഷൻ ചാർജ്ജ്, ട്രെയിനിംഗ് ചാർജ്ജ് എന്നിവ നല്കിയിട്ടും നാളിതുവരെ ഇൻസ്റ്റാൾ ചെയ്യുകയോ പ്രവർത്തനക്ഷമമാക്കുകയോ ചെയ്യാതിരുന്നത് ക്രമപ്രകാരമല്ല. കേവലം പ്രോജക്ട് നിർവ്വഹണത്തിലേക്ക് മാത്രമായി ടി പ്രോജക്ട് ഒതുങ്ങിപ്പോകുന്നതായാണ് ടി സാഹചര്യങ്ങൾ വ്യക്തമാക്കുന്നത്. നിർവ്വഹണം ചെയ്യുന്ന പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തിയിലെത്തുന്നുണ്ടോ എന്ന് നിരീക്ഷിക്കപ്പെടുന്നില്ല. പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടക്കുന്നില്ല എന്നത് ഒരു പ്രധാന പാളിച്ചയായി വിലയിരുത്തുന്നു. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ പ്രോജക്ട് ഫലപ്രാപ്തിയിൽ എത്തുന്നുണ്ടോ എന്നത് സംബന്ധിച്ച് പരിശോധന നടത്തേണ്ടതാണ്. മെഷീനുകൾ പ്രവർത്തനക്ഷമമാക്കി ലക്ഷ്യം കൈവരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-5 പാർട് ബില്ലുകളിൽ നിന്ന് ഈടാക്കുന്ന റീടെൻഷൻ തുക പിൻവലിച്ച് തനത്ഫണ്ടിൽ നിക്ഷേപിക്കുന്നില്ല

സർക്കാർ ഗ്രാന്റ് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളിൽ പാർട്ട് ബിൽ നല്കുമ്പോൾ ഈടാക്കുന്ന 10% റീടെൻഷൻ തുക ഗ്രാന്റിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുകയും ഫൈനൽബിൽ നല്കുമ്പോൾ ഈ തുക തനത്ഫണ്ടിൽ നിന്നും നല്കുകയുമാണ് ചെയ്യേണ്ടത്. എന്നാൽ 10% റീടെൻഷൻ കുറച്ചുള്ള തുക പിൻവലിക്കുകയും ഫൈനൽബിൽ നല്കുമ്പോൾ ഈ തുകയും കൂടി ഉൾപ്പെടുത്തി ഗ്രാന്റിൽ നിന്നും പിൻവലിക്കുകയുമാണ് ചെയ്തു വരുന്നത്. സ്പിൽഓവർ പ്രവൃത്തികൾക്കുള്ള വിഹിതം നിലവിൽ സർക്കാരിൽ നിന്നും ലഭിക്കുന്നില്ല. സ്പിൽഓവർ പ്രവൃത്തികൾക്കുള്ള ചെലവ് തൻവർഷത്തെ ഗ്രാന്റിൽ നിന്നും സ്ഥാപനം കണ്ടെത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. പാർട്ട് ബില്ലിനോടൊപ്പം തന്നെ 10% റീടെൻഷൻ തുക ഗ്രാന്റിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുകയാണെങ്കിൽ പ്രസ്തുത ചെലവിന് തൻവർഷത്തെ വികസനഫണ്ട് വിഹിതം ഉപയോഗിക്കുന്നത് ഒഴിവാക്കാനാവും. ഉദാഹരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം,പേര് | ഇടക്കുന്നംപി.എച്ച്.സി മെയിന്റനൻസ്,186/18 |
| കരാറുകാരൻ | അജേഷ് കുമാർ |
| അടങ്കൽ | 700000/- |
| ചെലവ് | 578707/-കരാറുകാരന് നല്കിയത് 567133/-<br>(A/c No67002318876 SBI) |

2017-18 ൽ പാർട്ട്ബിൽ നല്കിയതും 2018-19 ൽ സ്പിൽഓവർ ആയതുമായ ഈ പ്രവൃത്തിയുടെ പാർട്ട്ബിൽ തയ്യാറാക്കുമ്പോൾ വേലമൂല്യം 643007/- രൂപയാണ്. 10% റീടെൻഷൻ തുക64300/- കുറച്ചുള്ള തുക മാത്രമാണ് 2017-18 ൽ പിൻവലിച്ചിട്ടുള്ളത്. സ്പിൽഓവർ പ്രവൃത്തികൾക്കുള്ള തുക 2018-19 ലഭിച്ചില്ലെങ്കിൽ ഫൈനൽബില്ലിനൊപ്പം ഈ തുകയും അടുത്ത വർഷത്തെ വികസന പ്രവർത്തനത്തിനുള്ള തുകയിൽ നിന്നും കണ്ടെത്തേണ്ടി വരും. അപാകതയ്ക്ക് വിശദീകരണം അവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10) മുൻകാലങ്ങളിൽ തുടർന്നു വന്ന രീതിയാണ് എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ സാമ്പത്തിക താൽപ്പര്യം മുൻനിർത്തി പ്രവത്തിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയും ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-6 വികസനഫണ്ട് പിൻവലിച്ച് തനത്ഫണ്ടിൽ ബാധ്യതകണക്കിൽ സൂക്ഷിക്കുന്നു.

2016-17 ൽ ആരംഭിച്ച് 2017-18 ൽ പൂർത്തീകരിച്ചതും ഗുണഭോക്തൃസമിതി വഴിചെയ്തതുമായ പ്രവൃത്തികളിൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ജി.എസ്.ടി ഇനത്തിൽ 5% തുക (മറ്റ് നികുതികൾ പുറമെ) ബില്ലിൽ കുറച്ച് റീടെൻഷൻ തുകയായി സെക്രട്ടറിയുടെ തനത് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. സ.ഉ.(അച്ചടി)87/2017തസ്വഭവ തീ 1.11.2017 ക്ര. നം 4 പ്രകാരം 1.7.2017 ന് ശേഷം പൂർത്തീകരിച്ച് അളവുപുസ്തകത്തിൽ രേഖപ്പെടുത്തുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും 2% ജി.എസ്.ടി ആണ് ഈടാക്കേണ്ടത് എന്നും ഇത് 2018 മാർച്ച് 31 വരെ നടപ്പാക്കേണ്ടതില്ലെന്നും ജി.എസ്.ടി കൗൺസിൽ നിർദ്ദേശിച്ചിട്ടുണ്ട് (തീയതി തുടർന്നും നീട്ടിയിട്ടുണ്ട്). ഈ സാഹചര്യത്തിൽ 5% തുക ജി.എസ്.ടി ആയി ഈടാക്കി വികസനഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം,പേര് | 194/2018, ബൂസ്റ്റർ പമ്പ്ഹൗസ് റോഡ് കോൺക്രീറ്റ് |
| കൺവീനർ | ജോച്ചൻജോർജ് |
| എഗ്രിമെന്റ് നം | 107/AE/LSGD/PTDU Dt.29-3-2017 |
| അടങ്കൽ | 200000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 191745/- |
| ജി.എസ്.ടി 5% | 9587/- |
| ഐ.റ്റി 1% | 3835 |
| വെൽഫയർ ഫണ്ട് | 1917 |

ഇതിൽ 9587 രൂപ റീടെൻഷൻ തുകയായി സെക്രട്ടറിയുടെ തനത് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം 3 വർഷത്തിനുള്ളിൽ ആവശ്യപ്പെടാത്ത ഇത്തരം തുകകൾ പഞ്ചായത്തിന് തനത്ഫണ്ടിൽ മുതൽക്കൂട്ടാമെന്നിരിക്കെ തുക പിൻവലിച്ച് റീടെൻഷൻ തുകയായി സെക്രട്ടറിയുടെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് നിയമപ്രകാരമല്ല. സമാനരീതിയിൽ വികസന ഫണ്ട് പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകയുടെ വിവരം അറിയിക്കേണ്ടതും, അപാകതയിൽ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12) വാറ്റിന് വകയിരുത്തിയിരുന്ന 5% തുകയാണ് റീടെൻഷൻ തുകയായി സെക്രട്ടറിയുടെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് എന്ന് മറുപടി നല്കിയിട്ടുണ്ട്. കൺവീനർക്കോ, പഞ്ചായത്തിനോ അവകാശമില്ലാത്ത പ്രസ്തുത തുക കുറച്ചുള്ള തുക മാത്രം ഗ്രാന്റിൽ നിന്നും പിൻവലിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. നിലവിൽ പിൻവലിച്ച് തനത്ഫണ്ടിൽ ബാധ്യത കണക്കിൽ സൂക്ഷിച്ചിട്ടുള്ള തുക സർക്കാറിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-7 പകർച്ചവ്യാധി നിയന്ത്രണം 50590/- രൂപയുടെ ചെലവ് വിവരം ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട്, പ്രോജക്ട് നം | പകർച്ചവ്യാധി നിയന്ത്രണം, 258/17 |
| അടങ്കൽ | വികസനഫണ്ട് സാധാരണ വിഹിതം 100000/-<br>മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 63000/- |
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

| | |
|---|---|
| തുക ചെലവഴിച്ചത് | CB-4/17-18 63000/-<br>CB-5/17-18 100000/- |

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 ൽ നിർവ്വഹണം നടത്തിയ പകർച്ചവ്യാധി നിയന്ത്രണം എന്ന പ്രോജക്റ്റിന് മേൽ സൂചിപ്പിച്ച പ്രകാരം 163000/- രൂപ വകയിരുത്തുകയും ഈ തുക 2 ബില്ലുകൾ പ്രകാരം മുൻകൂറായി പിൻവലിച്ച് മെഡിക്കൽ ഓഫീസറുടെ 67246855518 നമ്പർ എസ്.ബി.ഐ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. വിവിധ ദിവസങ്ങളിലായി അക്കൗണ്ടിൽ നിന്നും ചെക്ക് ഉപയോഗിച്ച് തുക പൂർണ്ണമായും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ചെലവ് വിവരം കാഷ്ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. CB-4/17-18 പ്രകാരം പിൻവലിച്ച 63000/- രൂപയിൽ 27200/- രൂപയും, CB-5/17-18 പ്രകാരം പിൻവലിച്ച 100000/-രൂപയിൽ 85210/-രൂപയും മാത്രമാണ് വൗച്ചർ ഹാജരാക്കിയിട്ടുള്ളത്. ബാക്കി 50590/- രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും ചെലവ് വിവരം ലഭ്യമല്ല. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13) തുക പിൻവലിച്ച് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ ഹരിക്ക് നല്കിയെങ്കിലും 50590/- രൂപയുടെ ചെലവ് വിവരം നല്കിയിട്ടില്ലെന്ന് മെഡിക്കൽ ഓഫീസർ-ഇൻ-ചാർജ്ജ് മറുപടി നല്കിയിട്ടുണ്ട്. ചെലവ് രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 50,590/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 മരാമത്ത് പ്രവൃത്തിയിൽ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്റ്റ്,പ്രോജക്റ്റ് നം | പി.എച്ച്.സി മെയിന്റനൻസ് 298/17, 186/18 |
| അടങ്കൽ | 700000/- |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ്എഞ്ചിനീയർ |
| തുക ചെലവഴിച്ചത് | 578707 (പാർട്ട്ബിൽ)<br>കരാറുകാരന് നല്കിയത് 567133/- |
| കരാറുകാരൻ | എം.ജി അജേഷ് കുമാർ |
| എഗ്രിമെന്റ് | 97/AE/LSGD/PTDU/16-17Dt.29/5/17 |

2016-17 ൽ ആരംഭിച്ച് നാളിതുവരെ ഫൈനൽബിൽ നല്കിയിട്ടില്ലാത്തതും ടെണ്ടർ ഷെഡ്യൂൾ പ്രകാരം 120 ദിവസം കൊണ്ട് പൂർത്തിയാകേണ്ടതുമായിരുന്ന മേൽ പ്രോജക്റ്റ്.
ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- 17.2.2017 ലെ ടെണ്ടർ നോട്ടീസ് പ്രകാരം ഇ-ടെണ്ടർ നടത്തിയിട്ടുള്ള പ്രോജക്റ്റിന് ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചിരുന്നത്. നിയമാനുസൃതം റീ ടെണ്ടർ നടത്തേണ്ടതും റീ ടെണ്ടറിലും ഒരു ടെണ്ടർ മാത്രമാണ് ലഭിക്കുന്നതെങ്കിൽ നെഗോസ്യേഷൻ നടത്തി പഞ്ചായത്ത് കമ്മറ്റി തീരുമാനത്തോടെ ടെണ്ടർ സമർപ്പിച്ചയാൾക്ക് സെലക്ഷൻ നോട്ടീസ് നല്കാവുന്നതുമാണ്. എന്നാൽ പ്രസ്തുത നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.
- 2.3.2017 ന് രണ്ട് മണിക്ക് തുറന്ന ടെണ്ടർ 3/17 ൽ നടന്ന പഞ്ചായത്ത് കമ്മറ്റിയിലൊന്നിലും അംഗീകാരിച്ചിട്ടില്ല . എന്നാൽ 2017-18 ഈ പ്രോജക്റ്റ് സ്പിൽഓവർ പ്രോജക്റ്റായി ഉൾപ്പെടുത്തിയിട്ടുണ്ട് .കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് കമ്മറ്റി തീരുമാനത്തോടെ മാത്രമേ ടെണ്ടറുകൾ അംഗീകരിച്ച് കരാർവെക്കാൻ കഴിയൂ.
- കരാർ രജിസ്റ്റർ പ്രകാരം 97/AE/LSGD/PTDU/16-17Dt.29/5/17 നമ്പരായി കരാർ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫയലിൽ കരാർ ഇല്ല. ടെണ്ടറിനൊപ്പം സമർപ്പിക്കുന്ന പ്രാഥമിക കരാർ മാത്രമാണുള്ളത്.

- കരാറുകാരൻ നിയമാനുസൃതം ഉള്ള സെക്യൂരിറ്റി ഡപ്പോസിറ്റ് വച്ചിട്ടുള്ളതായി കാണുന്നില്ല.
- കരാറുകാരൻ സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ പകർപ്പ് ഫയലിൽ ഇല്ല.
- സൈറ്റ് കരാറുകാരന് കൈമാറിയതിന് രേഖകളില്ല.
- കരാർ വച്ച് 20 ദിവസത്തിനുള്ളിൽ തുടങ്ങി 120 ദിവസം കൊണ്ട് തീരേണ്ട പ്രവൃത്തി നാളിതുവരെ പൂർത്തിയായിട്ടില്ല.
- പ്രവൃത്തി കാലയളവ് ദീർഘിപ്പിക്കണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിട്ടില്ല. പ്രവൃത്തി നീണ്ടപോകുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെയോ, നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ ഭാഗത്തു നിന്ന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

മേൽ പറഞ്ഞ അപാകതകളിലുള്ള വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14) രണ്ട് ടെണ്ടർ നടത്തിയെന്നും ഓരോ ബിഡ് മാത്രമാണ് ലഭിച്ചതെന്നും ആയത് അംഗീകാരത്തിന് പഞ്ചായത്ത് കമ്മറ്റിക്ക് സമർപ്പിച്ചെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമായി പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം ലഭിക്കാതെ കരാർ നല്കിയതിനാലും കൂടാതെ മേൽ പറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിലും മേൽ പ്രോജക്ടിനായുള്ള 5,78,707/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ ബോധ്യപ്പെടുത്തി തുടർ ചെലവുകൾ നടത്താത്ത പക്ഷം പഞ്ചായത്തിന് ഉണ്ടാകുന്ന നഷ്ടത്തിന് നിർവ്വഹണ ഉദ്യോഗസ്ഥനൻ ബാധ്യസ്ഥനാകുന്നതാണ്.

## 3-9 കരാർ പ്രവൃത്തികളുടെ പൂർത്തീകരണം -കേരള പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടിക്രമം പാലിക്കുന്നില്ല.

ജി.ഒ (എം.എസ്) 74/2014 എൽ.എസ്.ജി.ഡി തീ.7.5.2014 ക്ര.നം 12 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾ കേരള പൊതുമരാമത്ത് മാന്വൽ 2012 പാലിച്ചുകൊണ്ടായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത മാന്വലിന്റെ ഖ.2112-1 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാമെന്ന് വ്യവസ്ഥയുണ്ട്. ഇതിന് യഥാർത്ഥ പൂർത്തീകരണ കാലാവധിക്കു മുൻപ് കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിക്കണം. ഇങ്ങനെ പരമാവധി ദീർഘിപ്പിച്ച് നല്കാവുന്ന സമയം യഥാർത്ഥ പൂർത്തീകരണ സമയത്തിന്റെ 50% മാത്രമാണ്. എന്നാൽ 2017-18 ൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാർക്കെതിരെ പൊതുമരാമത്ത് മാന്വലിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികളൊന്നും പാലിച്ചിട്ടില്ല എന്ന് കാണുന്നു. ഉദാഹരണത്തിന് 2017-18 ൽ വിവിധ റോഡുകളുടെ ടാറിംഗ് ജോലികൾ ചെയ്തിട്ടുള്ള സെബാൻ എബ്രഹാം എന്ന കരാറുകാരന്റെ ഏതാനും പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | 1 | 2 | 3 |
|---|---|---|---|
| പ്രോജ.നം,പ്രോജക്ട് | 243/17, 142/18, ആനക്കല്ല്-വാക്കയിൽ റോഡ് റീ ടാറിംഗ് | 149/18, തറകെട്ടി മരുത് റോഡ് റീടാറിംഗ് | 240/17, 140/2018 17-ാംവാർഡിലെ വിവിധ റോഡുകൾ |
| അടങ്കൽ | 150000/- (മെയി.ഗ്രാന്റ് റോഡ്) | 320000/- (മെയി.ഗ്രാന്റ് റോഡ്) | 377000/- (മെയി.ഗ്രാന്റ് റോഡ്) |
| പണി പൂർത്തീകരിക്കേണ്ട | 4 മാസം | 4 മാസം | 3 മാസം |

| | | | |
|---|---|---|---|
| കാലയളവ് | | | |
| എഗ്രിമെന്റ് നം, തീയതി | 83/AE/LSGD/PTDU/16-17 തീ17.3.2017 | 40/AE/LSGD /PTDU/16-17 തീ17.3.2017 | 84/AE/LSGD/PTDU തീ17.3.2017 |
| സൈറ്റ് കൈമാറിയ തീയതി | 27-3-2017 (എഗ്രിമെന്റ് വച്ച് 10ദിവസം) | 27-3-2017 (എഗ്രിമെന്റ് വച്ച് 10ദിവസം) | 27-3-2017 (എഗ്രിമെന്റ് വച്ച് 10ദിവസം) |
| പണി തീരേണ്ട തീയതി | 26-7-2017 | 26-7-2017 | 26-6-2017 |
| പണി പൂർത്തിയായ തീയതി | 25-1-2018 | 20-10-2017 | 24-1-2018 |
| ഈടാക്കാമായിരുന്ന പിഴ | 27-7-2017 മുതൽ 26-8-2017 വരെ 1% 27-8-17മുതൽ 2% 1500+3000=4500 | 27-7-2017 മുതൽ 26-8-2017 വരെ 1% 27-8-17മുതൽ 2% 3200+6400=9600 | 27-6-2017മുതൽ 20-7-2017 വരെ 1% 21-7-17മുതൽ 2% 3770+7540=11310 |
| കരാറുകാരന് തുക നല്കിയതിന്റെ വിവരം | 119583/- IOB227101000007350 | 240806/- IOB 227101000007350 | 270440 IOB 227101000007350 |

പ്രവൃത്തി സമയം നീട്ടിക്കിട്ടുന്നതിനുള്ള അപേക്ഷ പോലും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് മാന്വലിന് വിരുദ്ധമായി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തി അളവ് രേഖപ്പെടുത്തി പിഴ പോലും ഈടാക്കാതെ കരാറുകാരന് തുക നല്കിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11) അപാകത വന്ന ഫയലുകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-10 <u>ബിറ്റുമിൻ ഉപയോഗിക്കുന്ന റോഡ് പ്രവൃത്തികൾ - ബാരൽ വില ഈടാക്കിയില്ല.</u>

ഡി.എസ്.ആർ പ്രകാരം റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സീൽഡ് ബിറ്റുമിൻ വിലയാണ് ഉൾപ്പെടുത്തുന്നതെങ്കിൽ പ്രവൃത്തി പൂർത്തിയായി കഴിയുമ്പോൾ കാലി ബാരലിന്റെ വില കരാറുകാരനിൽ നിന്ന് ഈടാക്കണമെന്ന് 2009ലെ ഡി.എസ്.ആർ സ്പെസിഫിക്കേഷനിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2017-18 ൽ പൂർത്തിയായ ചോറ്റി ക്ഷേത്രം - നിർമ്മലാരം റോഡ് (പ്രോജ.നം144/17) എന്ന പ്രവൃത്തിയിൽ ബാരൽ വില കുറവ് ചെയ്തിട്ടില്ല .വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജ നം , പ്രോജക്ട് | 144/17, ചോറ്റി ക്ഷേത്രം - നിർമ്മലാരം റോഡ് റീ ടാറിംഗ് |
| കരാറുകാരൻ | ജാൻസൺ ഐസക് |
| അടങ്കൽ | 500000/-(MGNR) |
| ഉപയോഗിച്ച ബിറ്റുമിൻ | 33 ബാരൽ |
| ഈടാക്കേണ്ട തുക (33x270) | 8910രൂപ |

| | |
|---|---|
| ചെലവ് വിവരം | 470000/- കൺവീനർക്ക് നല്കിയത് 441800/-<br>(അക്കൗ.നം 0481-02823643-190001) |

ബാരൽ വില ഈടാക്കാത്തതു മൂലം പഞ്ചായത്തിന് ലഭിക്കേണ്ട 8910/- രൂപ നഷ്ടപ്പെട്ടതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ 9-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വില ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-11 പൊതുനിരീക്ഷണങ്ങൾ

പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾ നിർവ്വഹണം നടത്തുന്നതിന് എഞ്ചിനീയറിംഗ് വിഭാഗം പര്യാപ്തമല്ല.

പശ്ചാത്തല സൗകര്യവികസനത്തിൽ പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണക്കാക്കാതെ വാർഡ്തല വീതം വെക്കൽ മൂലം പ്രോജക്റ്റുകളുടെ എണ്ണം വർദ്ധിക്കുകയും ഒരു അസിസ്റ്റന്റ് എഞ്ചിനീയറും ഒരു ഓവർസിയറും മാത്രമുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന് പ്രോജക്റ്റുകൾ കാര്യക്ഷമമായി ചെയ്യാൻ കഴിയാതെയും പ്രോജക്റ്റ് ഫയലുകൾ കൃത്യതയോടെ സൂക്ഷിക്കാൻ കഴിയാതെയും വരുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2017-18 ൽ സ്പിൽഓവർ പ്രോജക്റ്റുകൾ ഉൾപ്പെടെ 290 മരാമത്ത് പദ്ധതികൾ ഏറ്റെടുക്കുകയും200 എണ്ണത്തോളം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഏറിയ പങ്കും റോഡ് കോൺക്രീറ്റ് പ്രവൃത്തികളാണ്. ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ മാത്രം ചെയ്യാൻ കഴിയുന്ന സ്പെസിഫിക്കേഷൻ പ്രകാരം ആണ് നിലവിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ എന്നുള്ളതും നിർവ്വഹണത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജോലിഭാരം കൂടി പരിഗണിച്ച് പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിൽ മരാമത്ത് പ്രവൃത്തികളുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

പശ്ചാത്തല സൗകര്യവികസന പ്രോജക്റ്റുകളിൽ പരിസ്ഥിതി പരിഗണിക്കപ്പെടുന്നില്ല.

പശ്ചാത്തല സൗകര്യവികസനപ്രോജക്റ്റുകൾ ആസൂത്രണം ചെയ്യുമ്പോൾ പരിസ്ഥിതിക്കും കാലാവസ്ഥക്കും അനുയോജ്യമായിട്ടുള്ളതാണെന്ന് ഉറപ്പാക്കുന്നതിൽ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ അനിവാര്യമാണ്. 2017-18ൽ റോഡ് പ്രവൃത്തികളിൽ 80% റോഡ് കോൺക്രീറ്റ് വേലകളായിരുന്നു. പൊതുമരാമത്ത് വകുപ്പ് നിർദ്ദേശ പ്രകാരം റോഡ്റോളർ എത്താൻ പറ്റാത്ത സ്ഥലങ്ങളിലും കുത്തനെ ചെരിവുള്ള സ്ഥലങ്ങളിലും മാത്രമായി റോഡ് കോൺക്രീറ്റിംഗ് ചുരുക്കണമെന്ന് നിർദ്ദേശമുള്ളത് പരിഗണിക്കപ്പെടുന്നില്ല.

ആവശ്യകത പരിഗണിക്കാതെ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നു

2017-18 ൽ ഏറ്റെടുത്ത മിക്ക റോഡ് പ്രവൃത്തികളിലും അവസാന ഇനമായി ഉൾപ്പെടുത്തി ചെയ്തിട്ടുള്ളത് 3734/- രൂപ ചെലവ് വരുന്ന സൈൻബോർഡ് സ്ഥാപിക്കൽ ആണ്. ഓഡിറ്റ് നേരിൽ പരിശോധിച്ച പള്ളിമുക്ക് റോഡ്, ടിംബർമിൽ റോഡ് എന്നിവയിൽ ബോർഡ് സ്ഥാപിക്കുന്നതിന് 7468/-രൂപ (3734x2) നല്കിയിട്ടുണ്ടെങ്കിലും ബോർഡ് സ്ഥാപിച്ചിട്ടില്ല. സ്ഥാപിച്ചവ നശിപ്പിക്കപ്പെട്ടതാണെന്ന് കരാറുകാരൻ വാക്കാൽ അറിയിച്ചെങ്കിലും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ ടെണ്ടർഷെഡ്യൂൾ സ്പെസിഫിക്കേഷൻ പ്രകാരമുള്ളവയല്ല. മരാമത്ത് ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിഷയം പരിഗണിക്കേണ്ടതും ആവശ്യമുള്ള സ്ഥലങ്ങളിൽ മാത്രം നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള ബോർഡുകൾ സ്ഥാപിക്കുന്നു എന്ന് ഉറപ്പു വരുത്തി പഞ്ചായത്തിന് ധനനഷ്ടം വരുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

ഫയലുകളുടെ സൂക്ഷിപ്പ്

2017-18 ൽ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഏകദേശം 70 പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനക്ക് ഹാജരാക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിന് കഴിഞ്ഞിട്ടില്ല.ഹാജരാക്കിയ ഫയലുകൾ പലതും അപൂർണ്ണമായിരുന്നു. പല അളവുപുസ്തകങ്ങളിലും റണ്ണിംഗ് അക്കൗണ്ട് ബില്ലുകളിലും മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് തയ്യാറാക്കിയിരുന്നില്ല. സ്പിൽ ഓവർ പ്രോജക്ട് പ്രഫോർമ, സെലക്ഷൻ നോട്ടീസ്, സൈറ്റ് ഹാൻഡ് ഓവർ ചെയ്തതിന്റെ വിവരം എന്നിവ മിക്ക ഫയലിലും ഇല്ല. സെക്യൂരിറ്റി ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് രജിസ്റ്ററിൽ പോലും ചേർക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. മിക്ക രജിസ്റ്ററുകളും അപൂർണ്ണമാണ്.

<u>സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം</u>

സംയുക്തപ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് ഫിനാൻസ് ഡിപ്പാർട്ട്മെന്റ് 32–2017 ൽ ഇറക്കിയിട്ടുള്ള 7/2017 ഉത്തരവ് പ്രകാരം സംയുക്തപ്രോജക്ടുകളുടെ ഫണ്ട് നിക്ഷേപിക്കുന്നതിന് സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് ട്രഷറിയിൽ ആരംഭിക്കണമെന്നും നിക്ഷേപിക്കുന്ന തുകയിൽ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ചെലവാകുമെന്ന് ഉറപ്പില്ലാത്ത തുക ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ഫെബ്രുവരി 28 ന് മുൻപ് തിരികെ നല്കണമെന്നും, അക്കൗണ്ടുള്ള സ്ഥാപനം സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ചെലവാകാത്ത തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് പാലിച്ചിട്ടുള്ളതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

1.പഞ്ചായത്തിൽ ശ്മശാനനിർമ്മാണം.

ശ്മശാനനിർമ്മാണത്തിന് ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം 23,00,000/-നിലവിൽ അംഗീകരിച്ച പ്രോജക്ട് പോലുമില്ലാതെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

2.അങ്കണവാടിക്ക് സ്ഥലം വാങ്ങൽ

2016-17 ൽ ബ്ലോക്ക് വിഹിതം 6,40,000/-രൂപ ഉൾപ്പെടുത്തി ആസൂത്രണം ചെയ്ത പ്രോജക്ട് 16-17 ൽ ക്യാൻസൽ ചെയ്തിരുന്നു. പ്രോജക്ട് ക്യാൻസൽ ചെയ്തതിനാൽ ബ്ലോക്ക് വിഹിതമായി ലഭിച്ച 6,00,000/- രൂപ 2016-17 വർഷാവസാനം തന്നെ തിരിച്ച് അടക്കേണ്ടതായിരുന്നു. ഈ തുകയും അക്കൗണ്ടിൽ അവശേഷിക്കുന്നു.

3.വണ്ടൻപാറ കുടിവെള്ള പദ്ധതി

ലൈൻ ദീർഘിപ്പിക്കലിന് ബ്ലോക്ക് പഞ്ചായത്തിന് (പ്രോജക്ട് നം.435/17) 1,50,000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ സംയുക്തപദ്ധതിക്ക് തസ്വഭ സ്ഥാപനങ്ങൾ തമ്മിൽ കരാർവെക്കുകയോ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

<u>മോണിറ്ററിംഗ്</u>

പദ്ധതിയുടെ മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ് ആദ്യാവസാനം പ്രോജക്ട് അവലോകനം നടത്തി നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മറ്റിക്ക് നല്കേണ്ടതാണെങ്കിലും പാലിച്ചിട്ടില്ല.

## **3-12** <u>വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ -നിക്ഷേപിച്ച തുകക്കുള്ള മരുന്ന് ലഭിച്ചില്ല--**41528/-** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

2017-18 വർഷം ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 447/18 നമ്പർപ്രോജക്ട് പ്രകാരം വയോജനങ്ങൾക്കുള്ള മരുന്ന് വാങ്ങുന്നതിന് 1,00,000/- രൂപ 17/3/2018 ൽ ഔഷധിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി 58,472/- രൂപക്കുള്ള മരുന്ന് ലഭിക്കുകയും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 41,528/-

രൂപയുടെ മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8) മറുപടിയായി കാലതാമസത്തിന് കാരണം ബോധിപ്പിച്ചുകൊണ്ടുള്ള ഔഷധി മാനേജിംഗ് ഡയറക്ടറുടെ കത്ത് ഹാജരാക്കിയിട്ടുണ്ട്. മരുന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ 41528/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നമുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 3-13 പ്ളാസ്റ്റിക് മാലിന്യം ശേഖരിക്കൽ - തുടർ പ്രവർത്തനങ്ങൾ നടന്നിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 438/18 |
| പ്രോജക്ടിന്റെ പേര് | പ്ളാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് കുടുംബശ്രീ പ്രവർത്തകർക്ക് വേതനം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ,പാറത്തോട് |
| അടങ്കൽ | 400000 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 400000 |
| ബിൽ നം | 11/24.2.18 |

പാറത്തോട് ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിൽ നിന്നും 38 ഹരിതകർമ്മസേന അംഗങ്ങളെ തെരെഞ്ഞെടുത്ത് വീടുകളിൽ നിന്നും പ്ളാസ്റ്റിക് ശേഖരിച്ച് പ്ളാസ്റ്റിക് കളക്ഷൻ സെന്ററുകളിൽ എത്തിക്കുന്നതിനുള്ള വിവിധ ചെലവുകൾക്കായി (viability gap fund) സി.ഡി.എസു മായി കരാറിൽ ഏർപ്പെടുകയും 26.2.18 ൽ 4,00,000/- രൂപ സി.ഡി.എസ്. ന്റെ അക്കൗണ്ടിലേക്ക് നല്കുകയും ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേന അംഗങ്ങൾക്ക് പരിശീലനം നല്കി മാർച്ച് മാസത്തിൽ തന്നെ പ്ളാസ്റ്റിക് ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ 8.2.18 ലെ 1(4) നം തീരുമാന പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ നാളിതുവരെ പ്ളാസ്റ്റിക് ശേഖരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. ഇപ്രകാരം തുക പിൻവലിച്ച് സി.ഡി.എസ്. ന്റെ അക്കൗണ്ടിലേക്ക് നല്കിയിട്ടും യാതൊരു പ്രവർത്തനങ്ങളും നാളിതുവരെ ആരംഭിച്ചിട്ടില്ല. ടി വിഷയം സംബന്ധിച്ച വ്യക്തമായ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5) പ്ളാസ്റ്റിക് കളക്ഷൻ സെന്റർ പ്രവർത്തനം തുടങ്ങാൻ വൈകുന്നതിനാലും പ്ളാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് ബിന്നുകൾ വാങ്ങുന്നതിന് നേരിട്ട സാങ്കേതിക പ്രശ്നങ്ങളാലും ഹരിതകർമ്മസേനയുടെ തുടർ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടില്ല എന്നും ഒക്ടോബർ മാസം മുതൽ പ്ലാസ്റ്റിക് ശേഖരിക്കുന്നതിനുള്ള പരിപാടി ആരംഭിക്കുന്നതാണെന്നും വി.ഇ.ഒ.മറുപടി നല്കി. ചെലവഴിക്കാതെ അവശേഷിക്കുന്ന 4,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർപ്രവർത്തനങ്ങൾ നടത്തി വികസന ഫണ്ട് വിഹിതം ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്.

## 3-14 ഉറവിട മാലിന്യം സംസ്കരിക്കൽ-ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത 13325 രൂപ വി.ഇ.ഒ യുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

പ്രോജക്ട് നം.191/18

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ, പാറത്തോട്

| | വികസന ഫണ്ട് (13-ാം ധനകാര്യ കമ്മിഷൻ) | ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടക്കുന്നത് | തനത് ഫണ്ട് |
|---|---|---|---|

| | | | |
|---|---|---|---|
| അടങ്കൽ | 2058125 | 438575 | 1000 |
| ചെലവ് | 757200 | 154125 | 0 |
| ബിൽ നം | 5/28.9.17<br>8/16.2.18 | | |

ബയോഗ്യാസ് പ്ളാന്റ് 665 എണ്ണവും റിംഗ് കമ്പോസ്റ്റ് 1000 എണ്ണവും സ്ഥാപിക്കുന്നതിനായി IRTC, പാലക്കാട് എന്ന സ്ഥാപനവുമായി 28.9.17 ൽ കരാറിൽ ഏർപ്പെടുകയും ബയോഗ്യാസ് പ്ളാന്റ് 20 എണ്ണവും റിംഗ് കമ്പോസ്റ്റ് 20 എണ്ണവും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനായി 7,57,200/- രൂപ വികസന ഫണ്ട് വിഹിതമിനത്തിലും 1,40,800/- രൂപ ഗുണഭോക്തൃവിഹിതമിനത്തിലും സ്ഥാപനത്തിന് നല്കിയിട്ടുമുണ്ട്. എന്നാൽ 5 ബയോഗ്യാസ് പ്ളാന്റിനായും (5x2125) 30 റിംഗ് കമ്പോസ്റ്റിനായും (30x90) ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത 13325 രൂപ നിലവിൽ വി.ഇ.ഒ യുടെ അക്കൗണ്ടിൽ (പാറത്തോട് SCB A/C no.64084) സൂക്ഷിച്ചിരിക്കുന്നു. പ്രോജക്ട് നിർവ്വഹണം പൂർത്തിയാക്കി ടി തുക വിനിയോഗിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ഭവന പുനരുദ്ധാരണം (എസ്.സി.പി)-പൂർത്തീകരിക്കാനവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം | 222/18 |
| പ്രോജക്ടിന്റെ പേര് | ഭവന പുനരുദ്ധാരണം (എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ,ചോറ്റി |
| അടങ്കൽ | 8,25,000/- വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | 7,26,385 |
| ബിൽ നം | 2/30.11.17 |

ഭവന പുനരുദ്ധാരണത്തിനായി പി.കെ.ബേബി, പറത്താടിയിൽ, പാറത്തോട് എന്നയാൾക്ക് 25,000 രൂപ അഡ്വാൻസ് നല്കിയിട്ടുണ്ട്. ടിയാൾ നാളിതുവരെ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. ടിയാളുടെ ഭവനപുനരുദ്ധാരണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാത്തതിനാൽ അഡ്വാൻസായി നല്കിയ 25000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭവനപുനരുദ്ധാരണം പൂർത്തീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-16 ഭവന പുനരുദ്ധാരണം (ടി.എസ്.പി) -ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം | 416/18 |
| പ്രോജക്ടിന്റെ പേര് | ഭവന പുനരുദ്ധാരണം (ടി.എസ്.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 50000 (വികസന ഫണ്ട്-ടി.എസ്.പി) |
| ചെലവ് | 50000 |
| ബിൽ നം | 8 /18.8.17 |

ഭവന പുനരുദ്ധാരണം (ടി.എസ്.പി) എന്ന പ്രോജക്ട് പ്രകാരം 50000 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ടിനായുള്ള 50,000/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം

ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം രേഖകൾ ഇല്ലെന്ന നിഗമനത്തിൽ ചെലവ് തുക നിരാകരിക്കുന്നതായിരിക്കും.

## 3-17 ഭവന പുനരുദ്ധാരണം - അർഹമായ പരമാവധി ധനസഹായം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല

13-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഭവന പുനരുദ്ധാരണത്തിന് പരമാവധി 100000 രൂപ ധനസഹായമായി നല്കാവുന്നതാണ്. എന്നാൽ പാറത്തോട് പഞ്ചായത്തിൽ 25000 രൂപ മാത്രമാണ് ധനസഹായമായി ഗുണഭോക്താക്കൾക്ക് നല്കുന്നത്. കൂടുതൽ എണ്ണം ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിനാണ് അപ്രകാരം ധനസഹായം പരിമിതപ്പെടുത്തി നല്കുന്നത് എന്നാണ് എക്സിറ്റ് മീറ്റിംഗിൽ അറിയാൻ കഴിഞ്ഞത്. ആയതു മൂലം നിർദ്ധനരായ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ യഥാർത്ഥ പ്രയോജനം ലഭിക്കാതെ വരുന്ന സാഹചര്യം നിലവിലുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾക്ക് മാർഗ്ഗരേഖ പ്രകാരമുള്ള പരമാവധി ധനസഹായം നല്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിയും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-18 സി.സി.റ്റി.വി സ്ഥാപിക്കൽ--പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചില്ല--2,99,970/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട്. നം. 15/18

അടങ്കൽ- 300000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

ചെലവ്- 299970 ( ബിൽ നം- 32/18/ തീയതി- 18.2.18 )

ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സി.സി.റ്റി.വി സ്ഥാപിക്കുന്നതിനായി സൂചിത പ്രോജക്ട് പ്രകാരം 2,99,970/- രൂപ എക്സിക്യൂട്ടീവ് എൻജിനീയർ പി.ഡബ്യൂ.ഡി. ഇലക്ട്രോണിക്സ് ഡിവിഷൻ തിരുവനന്തപുരത്തിന് ഒടുക്കിയിട്ടുണ്ട് (8443-00-108-PW-Deposit എന്ന ശീർഷകത്തിൽ ). 5.5.18 ലെ എ3-8015/17 നമ്പർ കത്തു പ്രകാരം ഒറിജിനൽ ചെലാൻ ഇ.ഇ.യ്ക്ക് അയച്ചു (ചെലാൻ നം. KL011247844201718m/ 28.2.18 ). എക്സിക്യൂട്ടീവ് എൻജിനീയറുടെ 29.5.18 ലെ EDT/A2/766/ 2018 നമ്പർ കത്തു പ്രകാരം ഡെപ്പോസിറ്റു തുക ഇ.ഇ യുടെ BIMS അക്കൗണ്ടിൽ എത്തിയിട്ടില്ല എന്ന് അറിയിച്ചു. നാളിതുവരെ സി.സി.റ്റി.വി സ്ഥാപിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17) മറുപടി ലഭ്യമാക്കിയിട്ടില്ല. എക്സിക്യൂട്ടീവ് എൻജിനീയർ പി.ഡബ്യൂ.ഡി. ഇലക്ട്രോണിക്സ് ഡിവിഷനുമായി ബന്ധപ്പെട്ട് സി.സി.റ്റി.വി സ്ഥാപിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 2,99,970/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-19 കരാർ പ്രവൃത്തിയുടെ ബില്ലിൽ നിന്നും നികുതിവിഹിതങ്ങൾ കുറവ് ചെയ്തിട്ടില്ല

പാറത്തോട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ കരാറുകാരൻ ശ്രീ.മൊഹസിൻ എൻ. ബഷീർ വഴി നടപ്പാക്കിയ താഴെപ്പറയുന്ന ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളുടെ ബില്ലിൽ നിന്നും നിയമാനുസൃത നികുതിവിഹിതങ്ങൾ കുറവ് ചെയ്തതായി കാണുന്നില്ല..

| പ്രോജക്ട് നം/പേര് | വേലമൂല്യം | ചെലവ് തുക | ബിൽ നം/ തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 37/18, ഇടക്കുന്നം സാംസ്കാരികനിലയം വൈദ്യുതീകരണം | 124467 | 129467 | തനത് ഫണ്ട് |
| 319/18, ചിറ പൊൻമല അംഗൻവാടി വൈദ്യുതീകരണം | 174214 | 181906 | 36/26.2.18 |

കരാർ പ്രവൃത്തിയുടെ ബില്ലിൽ നിന്നും നികുതിവിഹിതങ്ങൾ കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എം ബുക്ക് പ്രകാരമുള്ള വേലമൂല്യത്തിന്മേൽ 1% ആദായനികുതിയും 1% നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതവും കരാറുകാരൻ ശ്രീ മൊഹസിൻ എൻ. ബഷീറിൽ നിന്നും ഈടാക്കി അതാതു സ്ഥാപനങ്ങളിൽ ഒടുക്കു വരുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-20 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | നൽകിയ തുക | പ്രോജക്ടിന്റെ പേര് |
|---|---|---|
| KSEB | 500000 | 337/18-സ്ട്രീറ്റ് മെയിൻ വലിയ്ക്കലും മീറ്റർ സ്ഥാപിക്കലും |
| KSEB | 345050 | 429/18-ശബരിമല മണ്ഡലകാല മഹോൽസവത്തോട് അനുബന്ധിച്ച് സ്ട്രീറ്റ് മെയിനും മീറ്ററും വഴിവിളക്കും സ്ഥാപിക്കൽ |
| എസ്.എസ്.എ | 599549 | 249/18-എസ്.എസ്.എ വിഹിതം നല്കൽ |
| എസ്.എസ്.എ | 66000 | 298/18-എസ്.എസ്.എ വിഹിതം നല്കൽ (എസ്.സി.പി) |
| ആകെ | 1510599 | |

പ്രോജക്ട് പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ 15,10,599/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

പഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശവും 31.03.2018 വരെയുള്ള ഫണ്ട് വിനിയോഗവും ചുവടെ ചേർത്തിരിക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | തുക(രൂപ) | പ്രോജക്ടിന്റെ പേര്/പ്രോജക്ട് നം. | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 25.11.17 | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 31.1.18 | 2300000 | പൊതുശ്മശാനം | 0 | 2300000 |
| ബ്ലോക്ക് പഞ്ചായത്ത് | 31.7.17 | 400000 | പാലിയേറ്റീവ് കെയർ | 0 | 400000 |
| ബ്ലോക്ക് പഞ്ചായത്ത് | 31.7.17 | 750000 | ജലനിധി | 750000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 27.2.18 | 640000 | അംഗൻവാടിക്ക് സ്ഥലം വാങ്ങൽ | 0 | 640000 |
| ബ്ലോക്ക് പഞ്ചായത്ത് | 31.10.17 | 200000 | അനുപൂരക പോഷകാഹാരം | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 31.10.17 | 192857 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 192857 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | നൽകിയ തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| KSEB | 500000 | സ്ട്രീറ്റ് മെയിൻ വലിയ്ക്കലും മീറ്റർ സ്ഥാപിക്കലും | 0 | 500000 |
| KSEB | 345050 | ശബരിമല മണ്ഡലകാല മഹോൽസവത്തോട് അനുബന്ധിച്ച് സ്ട്രീറ്റ് മെയിൻ മീറ്ററും വഴിവിളക്കും സ്ഥാപിക്കൽ | 0 | 345050 |
| PWD ഇലക്ട്രോണിക്സ് വിഭാഗം | 299970 | പഞ്ചായത്ത് ഓഫീസിൽ CCTV സ്ഥാപിയ്ക്കൽ | 0 | 299970 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

4-3ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവോ തിരിച്ചടവോ ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

31.03.2018 – ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപംഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 175 രൂപ വരവുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഒടുക്കിതുകയ | രസീത് നം/ തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| 2010-11,11-12 | 3(2) | 100 | 117070106258/ 27.1.18 | |
| 1993-94 | 18 | 35 | 117070106379/ 1.2.18 | |
| 1993-94 | 20(1) | 40 | 117070106380/ 1.2.18 | |
| | ആകെ | 175 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 14, 15, 16,17 | 2002-03 | 5-9 (1) | പൊതുമരാമത്ത് പണി--ചെലവായ തുകയേക്കാൾ കൂടുതൽ പിൻവലിച്ച് പണാപഹരണം നടത്തി. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| | | 2002-03 | അദ്ധ്യായം-8 | ധനാപഹരണ ലക്ഷ്യത്തോടെ രസീതിന്റെ പകർപ്പ് കീറി മാറ്റി. 15.07.02 ലെ എൽ.എഫ്.10763/ പി.ടി.1/02 കത്ത് മുഖേന ഡി.ഡി.പി.യെ അറിച്ചു. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 105577056 (മുന്നിരിപ്പ് ഉൾപ്പടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 94974497 |
| വരവിനങ്ങളിലുള്ള നഷ്ടം | 11,460 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29,78,394 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 2550 | | ശ്രീ.ഷൈജു വർഗ്ഗീസ്, സെക്രട്ടറി |
| 3-10 | 8910 | | ശ്രീമതി അന്നമ്മ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 22000 | ശ്രീ.ഷുക്കൂർ മുഹമ്മദ് എം.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 50590 | ഡോ.അരുൺ സി ദാസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-8 | 578707 | ശ്രീമതി അന്നമ്മ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | 41528 | ഡോ.ബെൻഷാ ബഷീർ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-13 | 400000 | ശ്രീ.അരുൺ പി.സുരേന്ദ്രൻ, വി.ഇ.ഒ. |
| 3-15 | 25000 | ശ്രീമതി ആൻസി ജോസഫ്, എൽ.വി.ഇ.ഒ. |

| | | |
|---|---|---|
| 3-16 | 50000 | ശ്രീ.ഷുക്കൂർ മുഹമ്മദ് എം.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-18 | 299970 | ശ്രീ.ഷൈജു വർഗ്ഗീസ്, സെക്രട്ടറി |
| 3-20 | 1510599 | |
| ആകെ | 2978394 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2, 2-3, 2-4

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷൈജു വർഗീസ്, സെക്രട്ടറി | സെക്രട്ടറി, പാറത്തോട് ഗ്രാമപഞ്ചായത്ത് | മുട്ടംപുറത്ത്, അറക്കുളം പി.ഒ, ഇടുക്കി-685591. |
| ശ്രീമതി അന്നമ്മ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് | പേഴത്തുവയലിൽ, കുട്ടിക്കൽ പി.ഒ, നാരകംപുഴ-686514. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 98-99 ചെലവ് | L.F.K.P 8/558/02/2.11.02/2.5.03 | | |
| 99-00, 2000-01, 2001-02 ജനകീയാസൂത്രണം | L.F.K.P .8/880/03/9.7.04/4.9.04 | | |
| 2002-03 ചെലവ് | K.S.A.K.T.M.P/13/1504(2)/15/31.3.16 | 4 | |
| 2003-04 | K.S.A.K.T.M.P/13/1504(3)/15/22.3.16 | 5 | |
| 2004-05 | K.S.A.K.T.M.P/11/അദാ.2018/204(7) /18/02.02.18 | 3 | |
| 2005-06 | K.S.A.K.T.M.P/13/1504(5)/15/22.3.16 | 3 | |
| 2006-07 | K.S.A.K.T.M.P/11/അദാ.18/204(8) /18/02.02.18 | 22 | |

| | | | |
|---|---|---|---|
| 2007-08 | K.S.A.K.T.M.P/13/695/11/17.9.12 /2.10.12 | | |
| 2008-09 | L.F.K.P.13/871/14/8.1.14 | 9 | |
| 2009-10 | L.F.K.P.13/448/14/11.9.14 | 9 | |
| 2010-11, 11-12 | L.F.K.P.11-അദാ.18/204(9) /18/02.02.18 | 16 | |
| 2012-13 | L.F.K.P.1243/14/11.11.14 | 15 | |
| 2013-14 | K.S.A.K.T.M.P.13/1752/15/15.3.16 | 13 | |
| 2014-15 | K.S.A.K.T.M.P.13/960/16/20.7.16 | 14 | |
| 2015-16 | K.S.A.-K.T.M.P13-1739/2016 /23.05.2017 | 14 | |
| 2016-17 | K.S.A.-K.T.M.P11.990/2017/29.11.17 | 20 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് പരാമർശങ്ങൾക്കുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ-കെടിഎം.പി.11-1820/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി:22.10.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം